## പതിനൊന്നാം കേരള നിയമസഭ
### നാലാം സമ്മേളനം
2002 ജൂലായ് 1–ാം തീയതി തിങ്കളാഴ്ച

(ആകെ ചോദ്യങ്ങൾ – 21)

**(269) പേപ്പട്ടി ശല്യം**
**(270) മെഡിക്കൽ യൂണിവേഴ്സിറ്റി തുടങ്ങുവാൻ നടപടി**
**(271) ഡി.ആർ.ഡി.എ. കളുടെ ഘടനയിലും പ്രവർത്തനങ്ങളിലും മാറ്റം വരുത്താൻ നടപടി**
**(272) സർപ്ളസ് മാൻപവർ സെൽ രൂപീകരിക്കുവാൻ നടപടി**
**(273) പൊതുനിരത്തുകളിൽ വച്ച് ആടുമാടുകളെ കശാപ്പ് ചെയ്യുന്നത് നിർത്തലാക്കാൻ നടപടി**
**(274) എയ്ഡ്സ് രോഗികളെ ചികിൽസിക്കുന്നതിനും ബോധവൽക്കരിക്കുന്നതിനും നടപടി**
**(275) ബി.ഒ.റ്റി. പദ്ധതി അനുസരിച്ച് ആരംഭിച്ച സംരംഭങ്ങൾ**
**(276) വൈഗാ ഡാമിന്റെ നിർമ്മാണം**
**(277) കോടതിക്കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി**
**(278) ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ ഏറ്റെടുത്ത് നടത്താൻ നടപടി**
**(279) കരകൗശല തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ**
**(280) പറമ്പിക്കുളം-ആളിയാർ നദീജലം കേരളവും തമിഴ്നാടും പങ്കിടുന്നത് സംബന്ധിച്ച തർക്കങ്ങൾ**
**(281) ഗൾഫ് രാജ്യങ്ങളിലേക്കുള്ള വിമാന യാത്രക്കൂലി കുറവു ചെയ്യാൻ നടപടി**
**(282) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ആധുനികവൽക്കരിക്കാൻ നടപടി**
**(283) ആരോഗ്യപ്പച്ച ഉപയോഗിച്ചുള്ള മരുന്ന് ഉൽപ്പാദന വിതരണ അവകാശം സംബന്ധിച്ച വിജിലൻസ് അന്വേഷണം**
**(284) വല്ലാർപാടം രാജ്യാന്തര ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനൽ പദ്ധതി**
**(285) ദേശീയപതാക ഉപയോഗിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ**
**(286) ആർ.സി.സി.യ്ക്ക് ലഭിക്കുന്ന സൗജന്യ മരുന്നുകൾ**
**(287) കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയുവാനുള്ള സംവിധാനങ്ങൾ**
**(288) പ്രമാണങ്ങളുടെ അണ്ടർ വാല്യൂവേഷൻ സംബന്ധിച്ച കേസ്സുകൾ**
**(289) വീരമൃത്യു വരിച്ച ജവാൻമാരുടെ കുടുംബത്തിന് സർക്കാർ നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ**

### <u>പേപ്പട്ടി ശല്യം</u>

269. ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേ വിഷബാധയേറ്റ് മരണമടയുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പട്ടി പിടുത്തം നിർത്തിവച്ചിട്ടുണ്ടോ;

(സി) പേപ്പട്ടി ശല്യം ഒഴിവാക്കുന്നതിന് തുടർന്നും പട്ടിപിടുത്തം ആരംഭിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ?

**<u>ഉത്തരം</u>**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) :-**

(എ) ഇല്ല.

(ബി) കേന്ദ്ര നിർദ്ദേശ പ്രകാരം പല സ്ഥലത്തും നായ്ക്കളെ നശിപ്പിക്കുന്ന നടപടി തടഞ്ഞിരിക്കുകയാണ്.

(സി) കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രമേ ഇക്കാര്യത്തിൽ നിർദ്ദേശം നൽകാൻ നിർവ്വാഹമുള്ളു.

## മെഡിക്കൽ യൂണിവേഴ്സിറ്റി തുടങ്ങുവാൻ നടപടി

270. ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മെഡിക്കൽ യൂണിവേഴ്സിറ്റി തുടങ്ങുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) മെഡിക്കൽ, പാരാമെഡിക്കൽ പഠനങ്ങൾക്കും ഗവേഷണത്തിനും മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് ഉചിതമാണെന്ന നിർദ്ദേശത്തോട് സർക്കാരിന്റെ നിലപാട് എന്തെന്നു വിശദമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) & (ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഈ വിഷയത്തെക്കുറിച്ച് വിശദമായ പഠനം നടത്തിയാൽ മാത്രമേ നിലപാട് വ്യക്തമാക്കാൻ സാധിക്കുകയുള്ളു. ഭാരിച്ച സാമ്പത്തിക ബാധ്യതയുള്ളതുകൊണ്ട് ഇതു ഉടനെ നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.

## ഡി.ആർ.ഡി.എ. കളുടെ ഘടനയിലും പ്രവർത്തനങ്ങളിലും മാറ്റം വരുത്താൻ നടപടി

271. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ഡി.ആർ.ഡി.എ.കളുടെ ഘടനയിലും പ്രവർത്തനങ്ങളിലും എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. സി. എഫ്. തോമസ് (ഗ്രാമവികസന വകുപ്പുമന്ത്രി) :-**

(എ) & (ബി) ഈ കാര്യം പരിശോധിച്ചു വരുകയാണ്.

## സർപ്ലസ് മാൻപവർ സെൽ രൂപീകരിക്കുവാൻ നടപടി

272. ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ അധിക ജീവനക്കാരുടെ പുനർവിന്യാസം ഉറപ്പാക്കുന്നതിനും ക്രമവിരുദ്ധ നിയമനങ്ങൾ തടയുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) അധിക ജീവനക്കാരുടെ പുനർവിന്യാസത്തിനായി സെക്രട്ടേറിയറ്റിൽ 'സർപ്ലസ് മാൻപവർ സെൽ' രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സെല്ലിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ;

(ഇ) സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.ക്കോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോ റിപ്പോർട്ട് ചെയ്യാൻ സെല്ലിന്റെ അനുമതി ആവശ്യമായി വരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. എ. കെ. ആന്റണി (മുഖ്യമന്ത്രി) :-**

(എ) &(ബി) സർക്കാർ സർവീസിലെ അധിക ജീവനക്കാരെ കണ്ടെത്തുന്നതിന് വേണ്ടി രൂപീകരിക്കപ്പെട്ട കമ്മിറ്റി ഏകദേശം ഇരുപത്തിരണ്ട് വകുപ്പുകളിലായി 14833 ജീവനക്കാർ അധികമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ 3048 തസ്തികകൾ തദ്ദേശ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളവയാണ്. ക്രമവിരുദ്ധ നിയമനങ്ങൾ തടയുന്നതിനുള്ള നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇല്ല.

(ഡി) & (ഇ) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

## പൊതുനിരത്തുകളിൽ വച്ച് ആടുമാടുകളെ കശാപ്പ് ചെയ്യുന്നത് നിർത്തലാക്കാൻ നടപടി

273. ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുനിരത്തുകളിൽവച്ച് ആടുമാടുകളെ കശാപ്പു ചെയ്യുന്നതും അവശിഷ്ടങ്ങൾ വലിച്ചെറിയുന്നതും തടയുന്നതിന് നിലവിലുള്ള നിയമം കർശനമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) :-**

(എ) ഗ്രാമ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ നിലവിലുള്ള നിയമം കർശനമായി പാലിക്കുവാൻ നടപടി സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുകയും ആയത് കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കുറ്റക്കാരായവർക്കെതിരെ കർശന നടപടിയെടുക്കുന്നതിനും ഈ വിധ പ്രവൃത്തികൾ ആവർത്തിക്കാതിരിക്കുന്നതിനും വേണ്ട നടപടിയെടുക്കുവാനും നഗര സഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## എയ്ഡ്സ് രോഗികളെ ചികിൽസിക്കുന്നതിനും ബോധവൽക്കരിക്കുന്നതിനും നടപടി

274. ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. എം. മുരളി :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡ്സ് രോഗബാധിതരായി എത്ര പേരുണ്ടെന്ന് കണക്കാക്കപ്പെടുന്നു;

(ബി) എയ്ഡ്സ് പരിശോധനയ്ക്കും ചികിൽസയ്ക്കും സംസ്ഥാനത്ത് ഏതെല്ലാം സർക്കാർ ആശുപത്രികളിൽ സൗകര്യമുണ്ട്;

(സി) എയ്ഡ്സ് ബാധിതരായ ഗർഭിണികളെയും കുഞ്ഞുങ്ങളെയും ഈ രോഗത്തിൽ നിന്ന് രക്ഷിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും ആവശ്യമായ എന്തെല്ലാം ഏർപ്പാടുകൾ നിലവിലുണ്ട്;

(ഡി) എയ്ഡ്സ് ടെസ്റ്റും ചികിൽസയും സൗജന്യമായാണോ നടത്തുന്നത്; അല്ലെങ്കിൽ പ്രസ്തുത ടെസ്റ്റും ചികിൽസയും സൗജന്യമായി നടത്തുവാനുള്ള ഏർപ്പാടുണ്ടാക്കുമോ എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി) :-**

(എ) എയിഡ്സ് രോഗ ബാധിതരായി 890 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ എച്ച്.ഐ.വി. ബാധിതരായി എഴുപതിനായിരത്തോളം പേരുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും, തിരുവനന്തപുരം, പബ്ളിക് ഹെൽത്ത് ലാബറട്ടറിയിലും എയിഡ്സ് പരിശോധിക്കുന്നതിന് സൗകര്യമുണ്ട്. മെഡിക്കൽ കോളേജിലെയും, ജില്ലാ താലൂക്ക് ആശുപത്രികളിലെയും ഡോക്ടർമാർക്ക് എയിഡ്സ് ചികിൽസയ്ക്കുള്ള പരിശീലനം നൽകിയിട്ടുണ്ട്. പ്രസ്തുത ആശുപത്രികളിൽ ചികിൽസയ്ക്കുള്ള സൗകര്യമുണ്ട്. എല്ലാ ജില്ലകളിലും എയിഡ്സ് ചികിൽസയ്ക്ക് പി. ആർ. എം. (ഫിസിഷ്യൻ റെസ്പാൺസിബിൾ ഫോർ എയ്ഡ്സ് മാനേജ്മെന്റ്) (PRAM) നെ നിയമിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ ഏർപ്പാടുകളൊന്നും നിലവിലില്ല. ശ്രവ്യ ദൃശ്യമാദ്ധ്യമങ്ങൾ വഴിയും, നെഹ്റുയുവകേന്ദ്ര, വോളന്റിയർമാർക്ക് ട്രെയിനിംഗ് നൽകിയും, പത്ര പ്രവർത്തകർക്ക് വർക്ക് ഷോപ്പുകൾ നടത്തിയും മറ്റ് പരിപാടികൾ നടത്തിയും ബോധവൽക്കരണം നടത്തുന്നുണ്ട്. കൂടാതെ 9 മുതൽ 12 വരെയുള്ള ക്ളാസുകളിലെ വിദ്യാർത്ഥികൾക്ക് ആവശ്യമായ സ്കൂൾ പരിപാടികൾ നടത്തി എയിഡ്സ് രോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നുണ്ട്. അടുത്ത ഏതാനും മാസങ്ങൾക്കുള്ളിൽ സംസ്ഥാന മെഡിക്കൽ കോളേജുകളിൽ എച്ച്. ഐ. വി. ബാധിതരായ ഗർഭിണികൾക്ക് പ്രത്യേകം ചികിൽസ നൽകുന്ന പദ്ധതി നിലവിൽ വരും. അതിന്റെ ഭാഗമായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നിന്ന് ഒരു സംഘം ഡോക്ടർമാരെ പരിശീലനത്തിനായി നാഷണൽ എയിഡ്സ് കൺട്രോൾ ഓർഗനൈസേഷൻ ക്ഷണിച്ചിട്ടുണ്ട്.

(ഡി) സ്വമേധയാ രക്തപരിശോധനയ്ക്ക് വരുന്നവരിൽ നിന്ന് എയിഡ്സ് ടെസ്റ്റിന് വളരെ ലഘുവായ ഫീസായി പത്തു രൂപ ഈടാക്കുന്നുണ്ട്. എന്നാൽ രോഗികളിൽ നിന്ന് ടെസ്റ്റിനും ചികിൽസയ്ക്കും ഫീസ് ഈടാക്കുന്നില്ല. സ്വകാര്യ മേഖലയിൽ 300 രൂപ ഈടാക്കുന്നിടത്ത് കേന്ദ്ര സഹായത്തോടെ ലഘു ഫീസ് ഈടാക്കികൊണ്ട് 10 രൂപ ഫീസിൽ ഈ ടെസ്റ്റുകൾ നടത്തിവരുന്നു. സാമ്പത്തിക പരിമിതിമൂലം സമ്പൂർണ്ണ സൗജന്യം നടത്താനാകുകയില്ല. കേരളത്തിൽ 14 ജില്ലകളിലും വി.സി.റ്റി.സി. (വോളന്റി കൗൺസിലിംഗ് & ടെസ്റ്റിംഗ് സെന്റർ) തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. അതിന്റെ മുന്നോടിയായി തിരു. പബ്ളിക് ലാബിൽ വി.സി.റ്റി.സി. തുടങ്ങിയിട്ടുണ്ട്.

## <u>ബി.ഒ.റ്റി. പദ്ധതി അനുസരിച്ച് ആരംഭിച്ച സംരംഭങ്ങൾ</u>

275. ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ ബി.ഒ.റ്റി. പദ്ധതി അനുസരിച്ച് എന്തെല്ലാം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ബി) അവയുടെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) സാമ്പത്തിക മാന്ദ്യം നേരിടുന്ന കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും ബി.ഒ.റ്റി. പദ്ധതി ആവിഷ്ക്കരിച്ച് ജനങ്ങൾക്ക് ഉപയോഗപ്രദമായ സംരംഭങ്ങൾ ആരംഭിക്കുവാൻ സർക്കാർ തയ്യാറാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) :-**

(എ) വിശാല കൊച്ചി വികസന അതോറിറ്റി നടപ്പിലാക്കിയ മട്ടാഞ്ചേരി പാലവും, തിരവനന്തപുരം നഗരസഭ നടപ്പിലാക്കിയ വിളപ്പിൽശാല മാലിന്യ സംസ്കരണ പ്ലാന്റും ഈ പദ്ധതി പ്രകാരം ആരംഭിച്ച സംരംഭങ്ങളാണ്.

(ബി) വിലയിരുത്തി വരുന്നു. ഇവയുടെ പ്രവർത്തനത്തിൽ ചില ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. ഇവ പരിഹരിക്കുവാൻ സർക്കാർ ശ്രമിച്ചു വരന്നു.

(സി) സംസ്ഥാനത്തെ പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വികസന അതോറിറ്റികളും ബി.ഒ.റ്റി. പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ഇതിനകം തന്നെ മുന്നോട്ട് വന്നിട്ടുണ്ട്. ഇത്തരത്തിലുള്ള സംരംഭങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പത്താം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖയിലും ബി. ഒ. റ്റി. അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഇതിനും പുറമേ,

സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളിൽ ഇത്തരം പദ്ധതികൾക്ക് സാധ്യതയുണ്ട് എന്ന് പരിശോധിക്കുവാനും. ഇത്തരം പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ വിശദമായി പരിശോധിക്കുവാനും പദ്ധതികൾക്ക് അനുമതി നൽകുന്ന കാര്യത്തിൽ സർക്കാരിന് ഉപദേശം നൽകുവാനും നഗര വികസന വകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വൈഗാ ഡാമിന്റെ നിർമ്മാണം

276. ശ്രീ. ലൂഡി ലൂയിസ്:

ശ്രീ. കെ. എ. ചന്ദ്രൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീ. ടി.എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) തമിഴ്നാട് വൈഗാ ഡാം നിർമ്മിക്കുന്നതിനും മുല്ലപ്പെരിയാറിലെ ജലം അതിൽ സംഭരിക്കുന്നതിനും കേരളം അനുവാദം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അനുവദിച്ച തീയതിയും വൈഗാ ഡാമിന്റെ സംഭരണശേഷിയും പ്രസ്തുത ഡാം കമ്മീഷൻ ചെയ്ത തീയതിയും അറിയിക്കുമോ;

(സി) മുല്ലപ്പെരിയാർ ജലം തമിഴ്നാടിന്റെ ഡാമുകളിൽ സംഭരിക്കുവാൻ കരാറിൽ വ്യവസ്ഥയുണ്ടോ;

(ഡി) ഇല്ലാത്തപക്ഷം തമിഴ്നാട് വൈഗാ ഡാം നിർമ്മിച്ചതും മുല്ലപ്പെരിയാർ ജലം സംഭരിക്കുന്നതും കരാർ ലംഘനത്തിൽപ്പെടുമോ എന്ന് വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ എങ്ങനെയെന്ന് വിശദീകരിക്കുമോ;

(എഫ്). വൈഗാ ഡാം നിർമ്മിച്ച് മുല്ലപ്പെരിയാർ ജലം അതിൽ സംഭരിച്ചത് മുല്ലപ്പെരിയാർ ജലം വിനിയോഗ കരാറിനു വിരുദ്ധം ആണെങ്കിൽ ആ കരാർ റദ്ദു ചെയ്യുവാൻ നടപടിയെടുക്കാത്തതെന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

<u>(എ)യും (ബി)യും</u>

ഇല്ല. തമിഴ്നാട്ടിൽ ഡാം നിർമ്മിക്കുന്നതിന് കേരളത്തിന്റെ അനുവാദം തമിഴ്നാടിന് ആവശ്യമില്ല. മു
ല്ലപ്പെരിയാർ അണക്കെട്ടിലെ ജലം തമിഴ്നാട്ടിൽ എവിടെ എങ്ങനെ സംഭരിക്കണമെന്ന് മുല്ലപ്പെരിയാർ കരാറിൽ പറഞ്ഞിട്ടില്ല.

വൈഗാ ഡാമിന്റെ സംഭരണ ശേഷിയും മറ്റ് വിവരങ്ങളും ലഭ്യമല്ല.

<u>(സി), (ഡി) (ഇ).</u>

1986-ലെ മുല്ലപ്പെരിയാർ പാട്ടക്കരാർ അനുസരിച്ച് 155 അടി കോണ്ടൂർ ലൈനിൽ ഒഴുകി വരുന്ന ജലം മുഴുവനും തമിഴ്നാടിന് അവകാശപ്പെട്ടതാണ്. 1970-ലെ അനുബന്ധക്കരാർ പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലം ഉപയോഗിച്ച് സ്വന്തം ചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാനും ആയത് തങ്ങളുടെ ആവശ്യത്തിനുവേണ്ടി ഉപയോഗിക്കാനും കേരളം തമിഴ്നാടിന് അനുമതി നൽകി. എന്നാൽ അതിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകിച്ച് വ്യവസ്ഥകളൊന്നും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

(എഫ്) ഉദിക്കുന്നില്ല.

## കോടതിക്കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി

277. ശ്രീ. കെ.കെ. ഷാജു:

ശ്രീ. ജോണി നെല്ലൂർ:

ശ്രീ. എ.എൻ. രാജൻ ബാബു:

ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ കോടതിക്കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) & (ബി)

ഉണ്ട്. സംസ്ഥാനത്തെ ഏതാനും കോടതിക്കെട്ടിടങ്ങൾ കാലപ്പഴക്കം മൂലം നല്ല നിലയിൽ അല്ല. ഇവയുടെ അറ്റകുറ്റ പണികൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കോടതിക്കെട്ടിടങ്ങളുടെ നിർമ്മാണവും അഭിവൃദ്ധിപ്പെടുത്തലും 50:50 എന്ന അനുപാതത്തിൽ ഒരു കേന്ദ്രവിഷ്കൃത പദ്ധതി പ്രകാരമാണ് നടത്തുന്നത്.

## ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ ഏറ്റെടുത്ത് നടത്താൻ നടപടി

278. ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ:
ശ്രീ. പി.കെ. അബ്ദുറബ്ബ്:
ശ്രീ. കളത്തിൽ അബ്ദുള്ള:
ശ്രീ. സി. മൊയിൻ കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സർക്കാർ ആശുപത്രികളിലെ ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടെ ആരോഗ്യരംഗത്ത് പദ്ധതികൾ ഏറ്റെടുത്ത് നടത്തുവാൻ 4-1-2002ലെ സർക്കാർ ഉത്തരവ് (എം.എസ്) 9/2002/ആ-കു-വാ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടെ ലാബോറട്ടറി സൗകര്യങ്ങൾ, സൂപ്പർ സ്പെഷ്യാലിറ്റി വാർഡുകൾ, സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്കുകൾ, പേവാർഡുകൾ മുതലായവ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതുകൂടാതെ സന്നദ്ധസംഘടനകളുടെ സഹായ സഹകരണത്തോടെ ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി വിവിധ സന്നദ്ധസംഘടനകൾ മുന്നോട്ടു വന്നിട്ടുണ്ട്. മറ്റ് മെഡിക്കൽ കോളേജാശുപത്രികളുടെ ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സന്നദ്ധ സംഘടനകളെ ക്ഷണിച്ചിട്ടുണ്ട്.

## കരകൗശല തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ

279. ഡോക്ടർ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി.കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ പരമ്പരാഗത കരകൗശല തൊഴിലാളികൾക്ക് സാമ്പത്തിക സഹായങ്ങളും മറ്റു നിർദ്ദേശങ്ങളും നൽകുന്ന സംസ്ഥാന വകുപ്പുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ആനുകല്യങ്ങളാണ് അവർക്ക് ഇപ്പോൾ സർക്കാർ നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) കരകൗശല മേഖലയിൽ തൊഴിൽ ചെയ്ത് ഉപജീവനം കഴിക്കുന്നവരുടെ ഉൽപ്പന്നങ്ങളെക്കുറിച്ചും അവയുടെ മാർക്കറ്റിനെപ്പറ്റിയും എന്തെങ്കിലും പഠനം സമീപകാലത്ത് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീ. സി.എഫ്. തോമസ് (ഗ്രാമവികസന വകുപ്പുമന്ത്രി):-**

(എ) യും (ബി)യും

ഗ്രാമവികസനം, വ്യവസായം എന്നീ വകുപ്പുകളിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു. സ്വർണ്ണ ജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ)

പ്രകാരം ഗ്രാമങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സഹായം നൽകി വരുന്നുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പരംപരാഗത കരകൗശല തൊഴിലാളികൾക്കും ഈ പദ്ധതിയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായം നൽകുന്നുണ്ട്. സ്വർണ്ണ ജയന്തി ഗ്രാമസ്വരോസ്ഗാർ യോജന പ്രകാരം പാവപ്പെട്ടയാളുകളുടെ സ്വയം സഹായ ഗ്രൂപ്പുകളായി സംഘടിപ്പിക്കുകയും അവർക്ക് ആവശ്യമായ പരിശീലനം, അടിസ്ഥാന സൗകര്യങ്ങൾ, വിപണന സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കുകയും സ്വയം തൊഴിൽ തുടങ്ങുന്ന വ്യക്തികൾക്കും ഈ പദ്ധതിയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായം നൽകുന്നുണ്ട്. ഇതനുസരിച്ച് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 50% എന്ന പരിധിക്ക് വിധേയമായി പരമാവധി 10,000/- രൂപയും ഇതര വിഭാഗങ്ങൾക്ക് പരമാവധി 7500/- രൂപയും സബ്സിഡി നൽകുന്നുണ്ട്. ഗ്രൂപ്പ് പദ്ധതികൾക്ക് 50% എന്ന പരിധിക്ക് വിധേയമായി പരമാവധി 1.25 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നുണ്ട്.

വ്യവസായ വകുപ്പിൽ കരകൗശല വിദഗ്ധ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി ഓഹരി പങ്കാളിത്തം, സർക്കാർ ഗ്രാന്റ്, കരകൗശല തൊഴിലാളികൾക്കുള്ള പരിശീലനം, പാർപ്പിടത്തോടുകൂടിയുള്ള പണിശാല, ബാബസാഹിബ് അംബേദ്കർ ഹസ്ത ശില്പ വികാസ് ജോയന, അർബൻ ഹട്ട് എന്നീ പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

കേരള ഖാദി ബോർഡ് വഴി കരകൗശല തൊഴിലാളികൾക്ക് ബാങ്ക് വായ്പയും മാർജിൻമണിയും നൽകുന്നുണ്ട്.

1. ദേശസാൽകൃത ബാങ്കുകൾ, ഗ്രാമീണ ബാങ്കുകൾ, പ്രൈവറ്റ് സെക്ടർ ഷെഡ്യൂൾഡ് ബാങ്കുകൾ ഇവയിൽനിന്നും ഗ്രാമ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് എടുക്കുന്ന വായ്പയ്ക്ക് 25% മുതൽ 30% വരെ, ഖാദി കമ്മീഷനിൽ നിന്നും ലഭിക്കുന്ന മാർജിൻ മണി ഗ്രാന്റു ബോർഡ് വഴി നൽകുന്നു.

2. സംസ്ഥാന സർക്കാരിന്റെ 291/2000 നംപരിലുള്ള നോട്ടിഫിക്കേഷൻ അനുസരിച്ച് 21 ഗ്രാമവ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളെ വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതിൽ ചൂരൽ, ഈറ, മുള വ്യവസായങ്ങൾ, ആശാരിപ്പണി, നാരുവ്യവസായം, മൺപാത്രവ്യവസായം എന്നിവ ഉൾപ്പെടുന്നു. മറ്റു വ്യവസായങ്ങൾക്ക് 4% നിരക്കിൽ വിൽപന നികുതി നൽകേണ്ടതുണ്ട്.

(സി) 2002-2003-ൽ കരകൗശല മേഖലയുടെ വികസനത്തെപ്പററി പഠനം നടത്തുവാൻ വ്യവസായ വകുപ്പിൽ തുക വകകൊള്ളിച്ചിട്ടുണ്ട്.

## <u>പറമ്പിക്കുളം-ആളിയാർ നദീജലം കേരളവും തമിഴ്നാടും പങ്കിടുന്നത് സംബന്ധിച്ച തർക്കങ്ങൾ</u>

280 ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:

ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) പറമ്പിക്കുളം-ആളിയാർ നദീജലം പങ്കിടുന്നത് സംബന്ധിച്ച് കേരളവും തമിഴ്നാടും തമ്മിൽ തർക്കങ്ങൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം;

(സി) ഈ തർക്കങ്ങൾക്ക് പരിഹാരം കാണുന്നതിന് സംയുക്ത സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ സമിതിയുടെ ഘടന എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) എത്ര കാലത്തിനകം ഈ സമിതിയുടെ റിപ്പോർട്ട് ലഭിക്കും എന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത സമിതി ഇത് സംബന്ധിച്ച് എന്തെല്ലാം വിഷയങ്ങളാണ് വിലയിരുത്താൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ആന്റ് (ബി) പറംപിക്കുളം-ആളിയാർ നദീജലം പങ്കിടുന്നത് സംബന്ധിച്ച് തർക്കങ്ങൾ നിവലിലില്ല. എന്നാൽ തമിഴ്നാട് കരാർ വ്യവസ്ഥകൾ ലംഘിക്കുന്നു എന്നുള്ള അഭിപ്രായം കേരളത്തിനുണ്ട്. താഴെ പറയുന്ന കരാർ ലംഘനങ്ങൾ നടത്തിയിട്ടുള്ളതായിട്ടാണ് കേരളത്തിന്റെ അഭിപ്രായം.

1. കരാർ പ്രകാരം കേരളത്തിനവകാശപ്പെട്ട കെട്ടിടങ്ങളും സ്ഥലവും കൈമാറാതിരിക്കുന്നത്.

2. കേരള ഷോളയാറിലെ ജലനിരപ്പ് കരാറിൽ പറഞ്ഞിരിക്കുന്ന നിശ്ചിത തീയതികളിൽ നിശ്ചിത അളവ് നിലനിർത്താതിരിക്കുന്നത്.

3. ആളിയാർ–തിരുമൂർത്തി ഡാമുകളുടെ താഴ്ഭാഗത്ത് തമിഴ്നാട് അനധികൃതമായി പദ്ധതികൾ നിർമ്മിച്ചത്.

4. കേരളത്തിന്റെ അനുമതി കൂടാതെ തമിഴ്നാട് കോണ്ടൂർ കനാലിൽ റീ ലൈനിംഗ് നടത്തിയത്.

5. കാട്ടാംപാറ ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ (ജല വൈദ്യുത പദ്ധതി)അനധികൃത നിർമ്മാണം.

(സി) കരാർ ലംഘനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു സംയുക്ത സമിതി രൂപീകരിക്കുവാൻ 10.6.02–ൽ ചെന്നൈയിൽ വെച്ച് നടന്ന അന്തർ സംസ്ഥാന മന്ത്രിതല ചർച്ചയിൽ തീരുമാനമായിട്ടുണ്ട്.

(ഡി), (ഇ) ആന്റ് (എഫ്).

ടി മന്ത്രിതല ചർച്ചയുടെ മിനിട്ട്സ് (minutes) ഇരു സംസ്ഥാനങ്ങളും അംഗീകരിച്ചു കഴിഞ്ഞിട്ടില്ല. കമ്മിറ്റിയ്ക്ക് രൂപം കൊടുത്തുകൊണ്ടും പ്രവർത്തന കാര്യങ്ങൾ നിർമ്മിച്ചുകൊണ്ടും ഇതുവരെ ഉത്തരവായിട്ടില്ല.

## <u>ഗൾഫ് രാജ്യങ്ങളിലേക്കുള്ള വിമാന യാത്രക്കൂലി കുറവു ചെയ്യാൻ നടപടി</u>

281. ശ്രീ. വി.ഡി. സതീശൻ:
ശ്രീ. കെ.പി. വിശ്വനാഥൻ:
ശ്രീ. ഡി. സുഗതൻ:
ശ്രീ. ടി.യു. രാധാകൃഷ്ണൻ:
ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിലെ എയർപോർട്ടുകളിൽ നിന്ന് ഗൾഫ് രാജ്യങ്ങളിലേക്കുള്ള വിമാന യാത്രാക്കൂലി ഈ വർഷം വർദ്ധിപ്പിക്കുകയുണ്ടായോ;

(ബി) എങ്കിൽ ഇതിനുള്ള കാരണമെന്ത്;

(സി) വിമാന യാത്രാക്കൂലി കുറയ്ക്കുവാൻ നടപടി എടുക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):–**

(എ) വർദ്ധിപ്പിക്കുകയുണ്ടായി.

(ബി) ഇൻഡ്യയിൽ സർവ്വീസ് നടത്തുന്ന എല്ലാ വിമാന കംപനികളും പങ്കാളികളായ 'അയാട്ടയുടെ' തീരുമാന പ്രകാരമാണ് വിമാനയാത്ര നിരക്ക് വർദ്ധിപ്പിച്ചതെന്നും 'അയാട്ട' കോ–ഓർഡിനേഷൻ മീറ്റിംഗിൽ പങ്കെടുത്ത എല്ലാ എയർലൈൻസും ഈ തീരുമാനം ഏകകണ്ഠമായി അംഗീകരിച്ചിട്ടുണ്ട്. അയാട്ട എടുക്കുന്ന തീരുമാനവുമായി മുന്നോട്ടു പോവുക എന്നതാണ് വ്യോമയാന വകുപ്പിന്റെ തൂരുമാനം.

(സി) ഇക്കാര്യം കേന്ദ്ര വ്യോമയാന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മതിയായ സമ്മർദ്ദം ഇനിയും ചെലുത്തുന്നതാണ്.

## <u>കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ആധുനികവൽക്കരിക്കാൻ നടപടി</u>

282. ശ്രീ. കെ.പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ)കേരളത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകൾ ശോചനീയാവസ്ഥയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകൾ ആധുനികവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം വിധത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി എല്ലാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ചികിൽസാ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യ വകുപ്പുമന്ത്രി):–**

(എ) ഒറ്റപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പോരായ്മകൾ പരിഹരിക്കുവാനും സെന്ററുകൾ മെച്ചപ്പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ട്.

(സി) കമ്മ്യൂണിററിഹെൽത്ത് സെന്ററുകളിൽ നൽകേണ്ട സൗകര്യങ്ങളെപ്പറ്റിയും അത്യാവശ്യ സേവനങ്ങളെപ്പറ്റിയും ഒരു നിലവാരം നിർണ്ണയിക്കുവാൻ ഉദ്ദേശിക്കുന്നു. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ അത്യാവശ്യ സൗകര്യങ്ങളും സേവനങ്ങളും നൽകുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ എൻ.ആർ.ഐ. ഉൾപ്പെടെയുള്ള പൊതുജന പങ്കാളിത്തം പരമാവധി ഉൾപ്പെടുത്തുന്നതാണ്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ വർഷത്തെ പ്ലാൻ ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ലോക ബാങ്കിന്റെ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിധത്തിൽ ആശുപത്രികളെ പുനരുദ്ധരിക്കാൻ ഒരു പ്രോജക്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ആർ.സി.എച്ച് പ്രോഗ്രാമിൽ 75 സെന്ററുകളുടെ നവീകരണം നടക്കുന്നുണ്ട്.

(ഡി) ഘട്ടം ഘട്ടമായി ആധുനിക ചികിൽസാ സൗകര്യം ഏർപ്പെടുത്തിവരുകയാണ്.

**<u>ആരോഗ്യപ്പച്ച ഉപയോഗിച്ചുള്ള മരുന്ന് ഉൽപ്പാദന വിതരണ അവകാശം സംബന്ധിച്ച വിജിലൻസ് അന്വേഷണം</u>**

283. ശ്രീ. എൻ.ഡി. അപ്പച്ചൻ:
ശ്രീ. എം.എ. ചന്ദ്രശേഖരൻ:
ശ്രീ. എം. മുരളി:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗസ്ത്യ വനത്തിൽനിന്ന് ആദിവാസികളുടെ സഹായത്തോടുകൂടി ടി.ബി.ജി.ആർ.ഐ. കണ്ടെത്തിയ ആരോഗ്യപ്പച്ച എന്ന സസ്യം ഉപയോഗിച്ച് എന്തെങ്കിലും മരുന്നോ ടോണിക്കോ നിർമ്മിച്ചുവോ;

(ബി) ഇതിന്റെ ഉൽപ്പാദന വിതരണാവകാശം കോയമ്പത്തൂരിലെ ആര്യ വൈദ്യ ഫാർമസിക്ക് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കാലത്തേക്ക് എന്നും അതിനു കിട്ടിയ പ്രതിഫലം എത്രയെന്നും വെളിപ്പെടുത്തുമോ;

(സി) ഇത്ര തുച്ഛമായ ഒരു സംഖ്യ പ്രതിഫലമായി വാങ്ങുവാൻ ഉള്ള കാരണമെന്ത്; പ്രസ്തുത തുക എന്ത് ആവശ്യത്തിന് ഉപയോഗിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഔഷധത്തിന്റെ വിതരണാവകാശം കൈമാറുന്നതിന് മുമ്പ് ഗവൺമെന്റിന്റെയോ പട്ടികവർഗ്ഗ വികസന വകുപ്പിന്റെയോ അംഗീകാരം വാങ്ങിയിരുന്നുവോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) അംഗീകാരമില്ലാതെ ഈ കാര്യത്തിൽ ആദിവാസി താൽപ്പര്യം സംരക്ഷിച്ചു എന്ന് ഉറപ്പുവരുത്തിയതെങ്ങനെയാണ്;

(ജി) ഇതിനെപ്പറ്റി വിജിലൻസ് അന്വേഷണം നടത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ആരോഗ്യപ്പച്ച എന്ന സസ്യമുപയോഗിച്ച് 'ജീവനി' എന്ന പേരിലുള്ള ഔഷധം ടി.ബി.ജി.ആർ.ഐ. വികസിപ്പിച്ചെടുത്തിട്ടുണ്ട്.

(ബി) കൈമാറിയിട്ടുണ്ട്. ഏഴുവർഷക്കാലത്തേക്കാണ് അവകാശം നൽകിയിരിക്കുന്നത്. പ്രതിഫലമായി ലൈസൻസ് ഫീസ് ഇനത്തിൽ 10 ലക്ഷം രൂപയും വിറ്റുവരവിന്റെ 2% റോയൽറ്റി ഇനത്തിൽ 2001 സെപ്റ്റംബർ വരെ 1,90,392 രൂപയും ലഭിച്ചിട്ടുണ്ട്.

(സി) ഇൻഡ്യയിൽ മറ്റ് ഹെർബൽ ഔഷധങ്ങൾക്ക് സാങ്കേതികവിദ്യാ കൈമാറ്റത്തിന് ലഭിച്ച തുകയുമായി താരതമ്യം ചെയ്യുമ്പോൾ 10 ലക്ഷം രൂപ ലൈസൻസ് ഫീസും ഉല്പന്നവിലയുടെ 2% റോയൽറ്റിയും 'ജീവനി'ക്ക് ലഭിച്ചത് തുച്ഛമായ സംഖ്യ എന്നു പറയാൻ കഴിയില്ല. ലൈസൻസ് ഫീ ഇനത്തിലും റോയൽറ്റി ഇനത്തിലും കിട്ടിയ തുകയുടെ നേർപകുതി ആദിവാസികൾക്ക് നൽകാൻ 1998 ഒക്ടോബർ 9-ന് കൂടിയ ടി.ബി.ജി.ആർ.ഐ.യുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം തീരുമാനമെടുക്കുകയും അതിൻപ്രകാരം തുക കേരളാ കാണി സമുദായക്ഷേമ ട്രസ്റ്റിന് കൈമാറുകയും ചെയ്തു.

(ഡി) &(ഇ) ടി.ബി.ജി.ആർ.ഐ ഒരു സ്വയംഭരണാവകാശമുള്ള ഗവേഷണ സ്ഥാപനമാണ്. ഭരണകാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ ബഹു:മുഖ്യമന്ത്രി ചെയർമാനായുള്ള ഒരു ഗവേണിംഗ് ബോഡിയും എസ്.റ്റി.ഈ.സി. ചെയർമാൻ അദ്ധ്യക്ഷനായുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയുമുണ്ട്. ഗവേണിംഗ് ബോഡി ചെയർമാൻകൂടിയായ മുഖ്യമന്ത്രിയുടെ അനുമതിയോടെയാണ് വിതരണാവകാശം കൈമാറിയിരിക്കുന്നത്. പട്ടികവർഗ്ഗവികസന വകുപ്പിന്റെ നേരിട്ടുള്ള അനുമതി ആവശ്യമില്ല. എങ്കിലും പട്ടികജാതി പട്ടികവർഗ്ഗവികസനവകുപ്പ് സെക്രട്ടറിയുമായി ടി.ബി.ജി.ആർ.ഐ. ഡയറക്ടർ ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്.

(എഫ്) നാട്ടറിവുകളെ ആധാരമാക്കിക്കൊണ്ട് ഗവേഷണം നടത്തി അതിലൂടെ ഒരു ഔഷധം നിർമ്മിച്ച് അത് വിപണിയിലെത്തിച്ച് അതിൽനിന്ന് ലഭിച്ച സാമ്പത്തിക ലാഭത്തിന്റെ നേർപകുതി ആദിവാസികൾക്ക് നൽകാൻ എടുത്ത തീരുമാനം തന്നെ ആദിവാസി താല്പര്യം സംരക്ഷിച്ചു എന്നതിന് തെളിവാണ്.

(ജി) വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്. ക്രമക്കേടില്ലെന്നു കണ്ട് നടപടികൾ അവസാനിപ്പിച്ചു.

## വല്ലാർപാടം രാജ്യാന്തര ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനൽ പദ്ധതി

284. ശ്രീ. ടി.കെ. ദേവകുമാർ:
ശ്രീ. സാജു പോൾ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട വല്ലാർപാടം രാജ്യാന്തര ട്രാൻസ്ഷിപ്പ്മെന്റ് കണ്ടയ്നർ ടെർമിനൽ പദ്ധതി ഇപ്പോൾ ഏത് സ്റ്റേജിലിരിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ടോ;

(സി) കണ്ടെയ്നർ ടെർമിനൽ നിർമ്മിക്കുന്നതിന് പുതുതായി ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ടെണ്ടർ ആർക്കാണ് ഉറപ്പിച്ച് നൽകിയിട്ടുള്ളത്;

(ഇ) ഇതിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് പറയാമോ;

(എഫ്) ഈ പദ്ധതി സംസ്ഥാനത്തിന് അനുവദിച്ചു കിട്ടാൻ എന്തെല്ലാം കാര്യങ്ങളാണ് സംസ്ഥാന സർക്കാർ ചെയ്തിട്ടുള്ളതെന്ന് പറയാമോ;

(ജി) പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ടി പദ്ധതി കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കാവുന്നതാണ്.

(എഫ്) ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര കപ്പൽ ഗതാഗത മന്ത്രാലയവുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്.

(ജി) ഇല്ല.

## ദേശീയപതാക ഉപയോഗിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ

285. ശ്രീ. എ.പി. അനിൽകുമാർ:
ശ്രീ. സി.പി. മുഹമ്മദ്:
ശ്രീ. എ.കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപതാക ഉപയോഗിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ വ്യവസ്ഥകളനുസരിച്ച് പൗരൻമാർക്കും സംഘടനകൾക്കും ദേശീയദിനങ്ങളിലല്ലാതെ ദേശീയപതാക ഉപയോഗിക്കുവാൻ അനുമതി ഉണ്ടോ;

(സി) ദേശീയപതാകയെ ദുരുപയോഗപ്പെടുത്തുന്നതും അനാദരിക്കുന്നതുമായ സംഭവങ്ങൾ ഒഴിവാക്കുന്നതിനായി പതാക ഉപയോഗിക്കുന്നതു സംബന്ധിച്ച നിബന്ധനകൾക്ക് വ്യാപകമായ പ്രചാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) &(ബി) ദേശീയപതാക ഉപയോഗിക്കുന്നത് സംബന്ധിച്ച പുതുക്കിയ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്രസർക്കാർ "Flag Code 2002" പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം The Emblems and Names (Prevention of improper Use) Act 1950 Prevention of Insults to National Honour, Act 1971, എന്നീ ആക്ടുകളിലെ ചട്ടങ്ങൾക്ക് വിധേയമായി, ദേശീയപതാകയുടെ മഹനീയതയ്ക്കും ആദരവിനും കോട്ടം തട്ടാത്ത രീതിയിൽ പൗരൻമാർക്കും, സംഘടനകൾക്കും, വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും ദേശീയദിനങ്ങളിലും അല്ലാത്ത വേളകളിലും ദേശീയപതാക ഉപയോഗിക്കാവുന്നതാണ്. എന്നാൽ വാണിജ്യാവശ്യങ്ങൾക്ക് പതാക ഉപയോഗിക്കുക, ഭാഗികമായോ പൂർണ്ണമായോ പതാക നശിപ്പിക്കുക, അതിന്റെ ആകൃതിക്ക് ഭംഗം വരുത്തുക, പതാകയുടെ നേർക്ക് വാക്കുകൊണ്ടോ, അക്ഷരം കൊണ്ടോ, പ്രവൃത്തികൊണ്ടോ ഹീനമായോ, നിന്ദാപൂർവ്വമോ പെരുമാറുകയോ അവഹേളിക്കുകയോ ചെയ്യുക തുടങ്ങിയവയും "Flag Code 2002"ൽ നിർദ്ദേശിച്ചിട്ടുള്ള മറ്റു കുറ്റകരമായ പ്രവൃത്തികളും ശിക്ഷാർഹമാണ്.

(സി) ദേശീയപതാക ദുരുപയോഗപ്പെടുത്തുകയും അനാദരിക്കുന്നതുമായ സംഭവങ്ങൾ ഒഴിവാക്കുന്നതിനായി പതാക ഉപയോഗിക്കുന്നത് സംബന്ധിച്ച നിബന്ധനകൾക്ക് പ്രചാരം നൽകിക്കൊണ്ട് 1999-ൽ സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിബന്ധനകൾക്ക് പ്രചാരം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ആർ.സി.സി.യ്ക്ക് ലഭിക്കുന്ന സൗജന്യ മരുന്നുകൾ**

286. ശ്രീ.കെ. മോഹൻകുമാർ:
ശ്രീ. വി.ഡി. സതീശൻ:
ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.സി.യ്ക്ക് ലോകാരോഗ്യ സംഘടനയിൽ നിന്നോ മറ്റേതെങ്കിലും കേന്ദ്രങ്ങളിൽ നിന്നോ സൗജന്യമായി മരുന്നുകൾ ലഭിക്കുന്നുണ്ടോ;

(ബി) ഇപ്രകാരം ലഭിക്കുന്ന മരുന്ന് ആർ.സി.സി. രോഗികൾക്ക് വിൽക്കാറുണ്ടോ;

(സി) എങ്കിൽ ഇപ്രകാരം ലഭിച്ച മരുന്ന് വിറ്റ് 2001-2002-ൽ എന്തു തുക കിട്ടി എന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം മരുന്നുകൾ രോഗികൾക്ക് സൗജന്യമായി കൊടുക്കുവാൻ ഏർപ്പാടുണ്ടാക്കുമോ;

(ഇ) ആർ.സി.സി.യിലെ ക്യാൻസർ ചികിൽസ സൗജന്യമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി):-**

(എ) ലോകാരോഗ്യ സംഘടനയിൽ നിന്നും ആർ.സി.സി.ക്ക് മോർഫിൻ എന്ന വേദന സംഹാര ഗുളികകൾ സൗജന്യമായി ലഭിക്കുന്നുണ്ടായിരുന്നു.

(ബി) ആർ.സി.സി. ഉൽപ്പാദിപ്പിക്കുന്ന ദ്രാവകരൂപത്തിലുള്ള മോർഫിൻ എല്ലാ രോഗികൾക്കും സൗജന്യമായാണ് നൽകുന്നത്. ആർ.സി.സി വിലയ്ക്കുവാങ്ങുന്ന മോർഫിനും ലോകാരോഗ്യ സംഘടനയിൽ നിന്ന് ലഭിക്കുന്ന മോർഫിൻ ഗുളികകളും ആർ.സി.സി.യിൽ നേരിട്ട് വരുന്ന 'പി' 'ഒ' 'എം' എന്നീ പേയ്മെന്റ് വിഭാഗങ്ങളിലുള്ള രോഗികൾക്ക് വിൽക്കാറുണ്ട്. ഈ കൂട്ടത്തിൽ പെടുന്നവർ ആകെ മോർഫിൻ ഉപയോഗിക്കുന്ന രോഗികളുടെ പത്തുശതമാനത്തിൽ താഴെയാണ്.

(സി) മോർഫിൻ വില്പ്പനയിൽ നിന്നും 2001-02 വർഷത്തിൽ മൊത്തം 164067 രൂപ (ഒരു ലക്ഷത്തി അറുപത്തിനാലായിരത്തി അറുപത്തിയേഴു രൂപ മാത്രം) ലഭിച്ചിട്ടുണ്ട്.

(ഡി) ആവശ്യമായ മുഴുവൻ മോർഫിൻ ഗുളികകളും സൗജന്യമായി ലഭിച്ചാൽ ഇവ സൗജന്യമായി വിതരണം ചെയ്യുന്നതിന് ഏർപ്പാട് ഉണ്ടാക്കാവുന്നതാണ്.

(ഇ) ചികിൽസക്കായി ആർ.സി.സി.യിൽ എത്തുന്ന രോഗികളിൽ ഏകദേശം 50% പേർക്ക് സൗജന്യ ചികിൽസ നൽകുന്നുണ്ട്. കൂടുതൽ സാമ്പത്തിക സഹായം ആർ.സി.സി.ക്ക് ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**<u>കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയുവാനുള്ള സംവിധാനങ്ങൾ</u>**

287. ശ്രീ മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) കുട്ടികളെ ഭിക്ഷാടനത്തിനായി മുറിവേൽപ്പിക്കുക, ലൈംഗികമായി പീഡിപ്പിക്കുക തുടങ്ങിയ സംഭവങ്ങളുമായി ബന്ധപ്പെട്ട വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുട്ടികളെ ഭിക്ഷാടനത്തിനായി മാരകമായി മുറിവേൽപ്പിക്കുകയും കുട്ടികളെ ഉപയോഗിച്ച് ഭിക്ഷാടനം ഒരു വൻതൊഴിലാക്കി മാറ്റിയിട്ടുള്ള റാക്കറ്റുകൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കുട്ടികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പോലീസ് ഫോഴ്സിൽ ഒരു പ്രത്യേക യൂണിറ്റ് തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) വിവിധതരത്തിലുള്ള പീഡനങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയരാകുന്ന കുട്ടികൾ, വിധേയരാകാൻ സാദ്ധ്യതയുള്ള കുട്ടികൾ എന്നിവർക്ക് സംരക്ഷണം നൽകുന്നതിനായി ജുവനൈൽ ജസ്റ്റിസ് (പ്രൊട്ടക്ഷൻ ആന്റ് കെയർ ഓഫ് ചിൽഡ്രൻ) ആക്ട് 2000 സംസ്ഥാനത്ത് നിലവിലുണ്ട്. ഈ ആക്ട് പ്രകാരം കുട്ടികളെ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള ജെ.ജെ. സ്ഥാപനങ്ങളിലോ ക്ഷേമസ്ഥാപനങ്ങളിലോ പ്രവേശിപ്പിച്ച് താമസം, ഭക്ഷണം, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, ചികിൽസ എന്നിവ നൽകി പുനരധിവസിപ്പിക്കുന്നതിന് സംവിധാനമുണ്ട്. കൂടാതെ കുട്ടികളുടെ അവകാശങ്ങൾ, അവകാശ സംരക്ഷണത്തിന് നിലവിലുള്ള നിയമങ്ങൾ, സംരക്ഷണം ലഭ്യമായ സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം കുട്ടികൾക്കും മുതിർന്നവർക്കും ജില്ലാ സംസ്ഥാന തലങ്ങളിൽ നടത്തുന്നുണ്ട്.

(ബി) ഭിക്ഷാടനത്തിനായി മുറിവേല്പിച്ചതുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ ഒരു സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലൈംഗികമായി കുട്ടികളെ പീഡിപ്പിക്കുക തുടങ്ങിയവയുമായി ബന്ധപ്പെട്ട് വിവിധ പോലീസ്സ്റ്റേഷനുകളിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അപ്പോൾതന്നെ പോലീസ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ പട്ടണങ്ങളിലെ ബസ്സ്റ്റേഷൻ, റയിൽവേസ്റ്റേഷൻ എന്നിവയുടെ പരിസരങ്ങളിൽ ഊർജ്ജിതമായ പോലീസ് പട്രോളിംഗ് നടത്തി ഇത്തരം പ്രവർത്തികളിൽ ഏർപ്പെടുന്ന കുട്ടികളെ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അക്കാര്യം പരിശോധിച്ചുവരുന്നു.

**<u>പ്രമാണങ്ങളുടെ അണ്ടർ വാല്യൂവേഷൻ സംബന്ധിച്ച കേസ്സുകൾ</u>**

288. ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രമാണങ്ങൾ രജിസ്റ്റർ ചെയ്തതിൽ കാണിച്ചിരിക്കുന്ന വിലയർത്ഥം കുറവാണെന്നു കാണിച്ച് അണ്ടർ വാല്യുവേഷൻ സംബന്ധിച്ച് എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ പ്രദേശത്തേയും ഭൂമി കൈമാറ്റം ചെയ്യപ്പെടുന്നതിന് ഏറ്റവും കുറവ് വിലയർത്ഥം എത്രയായിരിക്കണം എന്ന് ഗവൺമെന്റ് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(സി) വസ്തു വാങ്ങുന്ന ആളും വിൽക്കുന്ന ആളും പരസ്പരം നിശ്ചയിച്ചു തീരുമാനിക്കുന്നതിനേക്കാൾ കൂടുതൽ വിലയർത്ഥം പ്രമാണത്തിൽ വയ്ക്കണമെന്ന് നിഷ്കർഷിക്കാൻ നിയമവ്യവസ്ഥ ഉണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) രജിസ്ട്രാർ ആഫീസിലെ ഉദ്യോഗസ്ഥർക്കെതിരെ പരാതി നൽകുന്നവരെ തെരഞ്ഞുപിടിച്ച് അണ്ടർ വാല്യുവേഷൻ നോട്ടീസ് അയയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. സി.എഫ്. തോമസ് (ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി):-**

(എ) സംസ്ഥാനത്ത് അണ്ടർവാല്യുവേഷൻ സംബന്ധിച്ച് 11,21,209 കേസുകൾ 30-4-2002 വരെ നിലവിലുണ്ട്.

(ബി) ഇല്ല. ഭൂമിക്ക് ന്യായവില നിശ്ചയിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

(സി) ഇല്ല. എന്നാൽ മുദ്രവിലയെ ബാധിക്കുന്ന സംഗതികൾ രേഖയിൽ കാണിക്കണമെന്ന് കേരള മുദ്രപ്പത്രനിയമം സെക്ഷൻ 28ൽ താഴെപ്പറയുംപ്രകാരം വ്യവസ്ഥ ചെയ്യുന്നു. "വല്ല കരണത്തിനും വല്ല പ്രതിഫലവുമുണ്ടെങ്കിൽ അത് അതിന്റെ മുദ്രവില ചുമത്തത്തക്ക ബാദ്ധ്യതയോ അതിന് ചുമത്തേണ്ടുന്ന മുദ്രവിലയുടെ സംഖ്യയേയോ ബാധിക്കുന്ന മറ്റെല്ലാ സംഗതികളും അവസ്ഥകളും ആ കരണത്തിൽ പൂർണ്ണമായും നേരായും വിവരിക്കേണ്ടതാകുന്നു."

(ഡി) ഇല്ല. ചോദ്യം ഉദിക്കുന്നില്ല.

## വീരമൃത്യു വരിച്ച ജവാൻമാരുടെ കുടുംബത്തിന് സർക്കാർ നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ

289. ശ്രീ. കെ.കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം സംസ്ഥാനത്തുനിന്നുള്ള എത്ര ജവാൻമാരാണ് വീരമൃത്യു വരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ കുടുംബത്തിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളത്;

(സി) ഇവരുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര കുടുംബത്തിനു നൽകി എന്ന് വ്യക്തമാക്കുമോ;

(ഇ) ഇനി എത്ര കുടുംബങ്ങൾക്ക് നൽകാൻ ബാക്കിയുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(എഫ്) വീരമൃത്യു വരിച്ച ജവാൻമാരുടെ കുടുംബത്തിൽ ആർക്കെങ്കിലും സർക്കാർ സർവ്വീസിൽ ജോലി നൽകിയിട്ടുണ്ടോ;

(ജി) ഇനി ആർക്കെങ്കിലും ജോലി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം**

**ശ്രീ. എ.കെ. ആന്റണി (മുഖ്യമന്ത്രി):-**

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മരണമടഞ്ഞ കേരളീയരായ 22 സൈനികരെ സംബന്ധിച്ചുള്ള വിവരം സർക്കാരിന് ലഭിച്ചിട്ടുണ്ട്.

ബി)യും (സി)യും (ഡി)യും (ഇ)യും : യുദ്ധത്തിലോ, യുദ്ധസമാന സാഹചര്യങ്ങളിലോ വീരമൃത്യു വരിക്കുന്ന ജവാന്മാരുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ സൈനികക്ഷേമനിധിയിൽ നിന്നും ധനസഹായവും ആശ്രിതരിൽ ഒരാൾക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലിയും നൽകുവാൻ വ്യവസ്ഥയുണ്ട്. ഈ ആനുകൂല്യങ്ങൾക്കായി നിർദ്ദിഷ്ട ഫോറത്തിൽ ബന്ധപ്പെട്ട രേഖകൾ സഹിതം, സൈനികക്ഷേമ വകുപ്പു ഡയറക്ടറുടെ ശുപാർശ സഹിതം ലഭിച്ച ഒരു കേസ്സിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. 16 കേസ്സുകളിൽ ബന്ധപ്പെട്ട ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ രേഖകളും സർക്കാരിന് ലഭിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.

(എഫ്&(ജി): ഈ സർക്കാർ അധികാരമേറ്റശേഷം വീരമൃത്യു വരിച്ച 4 ജവാന്മാരുടെ ആശ്രിതർക്ക് ജോലി നൽകുവാൻ തീരുമാനമായിട്ടുണ്ട്. മറ്റുള്ള 18 കേസ്സുകളിൽ നിർദ്ദിഷ്ട ഫാറത്തിൽ, ബന്ധപ്പെട്ട രേഖകൾ സഹിതം, അപേക്ഷ സർക്കാരിന് ലഭിക്കുന്ന മുറയ്ക്ക് അർഹത അനുസരിച്ച് ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

*******